# കേരള കാർഷിക സർവ്വകലാശാല

കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം – 676 509, മലപ്പുറം (ജില്ല)

e-mail:- arsanakkayam@kau.in, ഫോൺ: 0483- 2848239,2848050


നം: എ1–2759/24 തീയ്യതി : 23.09.2024

## ക്വട്ടേഷൻ നോട്ടീസ്

ഈ ഗവേഷണ കേന്ദ്രത്തിലെ ടിഷ്യൂകൾച്ചർ ലാബിൽ ടിഷ്യുകൾച്ചർ തൈകളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട താഴെ പറയുന്ന വിവിധ ജോലികൾ ചെയ്യുന്നതിന് യോഗ്യതയുള്ളവരിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി മത്സരാടിസ്ഥാനത്തിൽ രഹസ്യ സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചു കൊള്ളുന്നു.

**ജോലിയുടെ വിശദാംശങ്ങൾ:**

1. ടിഷ്യുകൾച്ചർ തൈകളുടെ ഉല്പാദനവുമായി ബന്ധപ്പെട്ട വിവിധ സാങ്കേതിക പ്രവർത്തനങ്ങൾ (കൾച്ചർ ഇനീഷ്യേഷൻ, മൾട്ടിപ്ലിക്കേഷൻ, സബ് കൾച്ചറിംഗ് തുടങ്ങി ഹാർഡനിംഗ് വരെയുള്ള പ്രവർത്തനങ്ങൾ) ലബോറട്ടറിയുടെ ചാർജ്ജ് വഹിക്കുന്ന ശാസ്ത്രജ്ഞൻറെ നിർദ്ദേശ പ്രകാരം ചെയ്യുക.
2. തൈകളുടെ വിവിധ വളർച്ചാ ഘട്ടങ്ങളിൽ വേണ്ടവിധം പരിപാലിക്കുക.
3. ടിഷ്യുകൾച്ചർ ലാബും ഹാർഡനിംഗ് യൂണിറ്റ് പരിസരവും വൃത്തിയായി പരിപാലിക്കുക.

**നിബന്ധനകൾ :**

1. യോഗ്യത: എസ്.എസ്.എൽ.സി. യും ടിഷ്യു കൾച്ചർ ഉത്പാദന ജോലികളിലുള്ള മുൻ പ്രവൃത്തി പരിചയവും.
2. ക്വട്ടേഷനുകൾ സീൽ ചെയ്ത കവറിൽ 07.10.2024 രാവിലെ 11.00 നു മുമ്പായി പ്രൊഫസർ & ഹെഡ്, എ.ആർ.എസ്, ആനക്കയം എന്ന വിലാസത്തിൽ ഈ ഓഫീസിൽ സമർപ്പിക്കേ താണ്. ക്വട്ടേഷനുകൾ അന്നേ ദിവസം 11.30 മണിക്ക് ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.
3. വെള്ളക്കടലാസിൽ പേര്, വിലാസം, മൊബൈൽ നമ്പർ, ഒരു ദിവസത്തെ ജോലിയ്ക്ക് ലഭിക്കേണ്ട വേതനം എന്നിവ രേഖപ്പെടുത്തി ഒപ്പിട്ടാണ് ക്വട്ടേഷൻ സമർപ്പിക്കേണ്ടത്. ക്വട്ടേഷൻ കവറിനു പുറത്ത് 'ടിഷ്യുകൾച്ചർ ലാബിലെ ജോലികൾ ചെയ്യുന്നതിനുള്ള ക്വട്ടേഷൻ' എന്ന് രേഖപ്പെടുത്തണം.
4. വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യ പ്പെടുത്തിയ പകർപ്പ് ക്വട്ടേഷനോടൊപ്പം സമർപ്പിക്കേ തും, ക്വട്ടേഷൻ ഉറപ്പിക്കപ്പെട്ട വ്യക്തി/വ്യക്തികൾ ഒറി ജിനൽ സർട്ടിഫിക്കറ്റ് കേന്ദ്രം മേധാവിയെ കാണിച്ച് ഉറപ്പ് വരുത്തേ തുമാണ്. ഈ ജോലിയിലുള്ള പ്രാവീണ്യം പരിശോധിച്ച് ഉറപ്പ് വരുത്തിയതിനു ശേഷമേ ക്വട്ടേഷൻ അംഗീകരിക്കുകയുള്ളൂ.
5. ഏതെങ്കിലും സാഹചര്യത്തിൽ കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ് കരാർ അവസാനിപ്പിക്കുകയാണെ ങ്കിൽ ഒരു മാസം മുമ്പ് നോട്ടീസ് നൽകേ താണ്. അല്ലാത്തപക്ഷം പത്ത് ദിവസത്തെ വേതനത്തിന് തത്തുല്യമായ തുക കൊട്ടേഷൻ ഉറപ്പിച്ച വ്യക്തി/വ്യക്തികളിൽ നിന്നും ഈടാക്കുന്നതാണ്.
6. ഓരോ മാസവും ചെയ്ത ജോലിക്കുള്ള വേതനം നൽകുന്നത് ഇൻവോയ്സ് അടിസ്ഥാനത്തിൽ ചെക്ക്/ അക്കൗണ്ട് ട്രാൻസ്ഫർ മുഖേനയായിരിക്കും.
7. ക്വട്ടേഷൻ സ്വീകരിക്കപ്പെട്ട വ്യക്തിക്ക് ക്വട്ടേഷനിൽ രേഖപ്പെടുത്തിയ നിരക്കിലുള്ള തുകയല്ലാതെ മറ്റു യാതൊരു ആനുകൂല്യങ്ങൾക്കും അർഹതയുണ്ടായിരിക്കുന്നതല്ല.
8. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.
9. ലബോറട്ടറിയുടെ ചുമതലയുള്ള ശാസ്ത്രജ്ഞന്റെ മേൽനോട്ടത്തിലും നിർദ്ദേശപ്രകാരവുമായിരിക്കണം ജോലികൾ നിർവഹിക്കേണ്ടത്. ലാബിലെ വസ്തുവകകൾ കേടു കൂടാതെ സൂക്ഷിക്കേ താണ്. അല്ലാത്തപക്ഷം നഷ്ടപരിഹാരം ഈടാക്കുന്നതാണ്.
10. ക്വട്ടേഷൻ കാലാവധി ഒരു വർഷം ആയിരിക്കും. ജോലിയുടെ മികവ് അടിസ്ഥാനപ്പെടുത്തിയായിരിക്കും ക്വട്ടേഷൻ കാലാവധി നിശ്ചയിക്കുന്നത്. ജോലി തൃപ്തികരമല്ലാത്ത പക്ഷം ക്വട്ടേഷൻ കാലാവധി തദവസരം അവസാനിപ്പിക്കുന്നതാണ്.
11. ഇതുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും ഓഫീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

(ഒപ്പ്)
ഡോ. മുസ്തഫ കുന്നത്താടി
പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്:

നോട്ടീസ് ബോർഡ്
ആനക്കയം ഗ്രാമ പഞ്ചായത്ത് /ആനക്കയം കൃഷിഭവൻ ഓഫീസ് നോട്ടീസ് ബോർഡ്.
ഡോ. മുസ്തഫ കുന്നത്താടി , പ്രൊഫസർ & ലാബ് ഇൻ ചാർജ്ജ്, കെ.എ.യു. വെബ്സൈറ്റ്.